*പൊതു വിദ്യാഭ്യാസ*

*ഡയറക്റ്ററുടെകാര്യാലയം,*
*ഹയർസെക്കൻററിവിഭാഗം,*

*ജഗതി , തിരുവനന്തപുരം-14*

*No. ICT Cell/1771/3/DGE_HSE/2024* *20/07/2024*

**രണ്ടാം സപ്ലിമെൻററി അലോട്ട്മെൻറിനുള്ള അപേക്ഷാ സമർപ്പണം : വിജ്ഞാപനം**

സൂചന : സ.ഉ(സാധാ)നം.3015/2024/പൊ.വി.വ തീയതി 08/05/2024

ഒന്നാം സപ്ലിമെൻററി അലോട്ട്മെൻറിൽ അപേക്ഷിച്ചിട്ടും അലോട്ട്മെൻറ് ലഭിക്കാത്തവർക്കും അലോട്ട്മെൻറ് ലഭിച്ചിട്ടും അപേക്ഷയിലെ പിഴവുകൾ കാരണം പ്രവേശനം നിരാകരിക്കപ്പെട്ടവർക്കും സപ്ലിമെൻററി അലോട്ട്മെൻറിൽ അപേക്ഷകളുടെ കൺഫർമേഷൻ പൂർത്തീകരിക്കാത്തവർക്കും രണ്ടാം സപ്ലിമെൻററി അലോട്ട്മെൻറിന് 2024 ജൂലൈ 22 ന് ഉച്ചയ്ക്ക് 2 മണി മുതൽ അപേക്ഷിക്കാവുന്നതാണ്. സപ്ലിമെൻററി അലോട്ട്മെൻറിനായുള്ള വേക്കൻസി 2024 ജൂലൈ 22 ന് ഉച്ചയ്ക്ക് 1 മണിയ്ക്ക് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. **എന്നാൽ നിലവിൽ ഏതെങ്കിലും ക്വാട്ടയിൽ പ്രവേശനം നേടിക്കഴിഞ്ഞ വിദ്യാർഥികൾക്കും അലോട്ട്മെൻറ് ലഭിച്ചിട്ട് പ്രവേശനത്തിന് ഹാജരാകാത്തവർക്കും (നോൺ-ജോയിനിങ്ങ് ആയവർ) മെറിറ്റ് ക്വാട്ടയിൽ നിന്നും പ്രവേശനം ക്യാൻസൽ ചെയ്തവർക്കും ഏതെങ്കിലും ക്വാട്ടയിൽ പ്രവേശനം നേടിയ ശേഷം വിടുതൽ സർട്ടിഫിക്കറ്റ്(റ്റി.സി) വാങ്ങിയവർക്കും ഈ ഘട്ടത്തിൽ വീണ്ടും അപേക്ഷിക്കുവാൻ സാധിക്കുകയില്ല.**

സപ്ലിമെൻററി ഘട്ടത്തിലും തെറ്റായ വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെട്ടതിനാൽ അലോട്ട്മെൻറ് ലഭിച്ചിട്ടും പ്രവേശനം നിരാകരിക്കപ്പെട്ടവർക്കും സപ്ലിമെൻററി അലോട്ട്മെൻറിൽ പരിഗണിക്കുന്നതിനായി അപേക്ഷ പുതുക്കുന്നതിനുള്ള സൗകര്യം അനുവദിച്ചിട്ടുണ്ട്. **അപേക്ഷകളിലെ പിഴവുകൾ അപേക്ഷ പുതുക്കുന്ന അവസരത്തിൽ തിരുത്തൽ വരുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.**

**രണ്ടാം സപ്ലിമെൻററി അലോട്ട്മെൻറിനായി താഴെ പ്രതിപാദിക്കുന്ന വിഭാഗത്തിലുള്ള അപേക്ഷകർക്ക് 2024 ജൂലൈ 22 ന് ഉച്ചയ്ക്ക് 2 മണി മുതൽ 2024 ജൂലൈ 23 ന് വൈകിട്ട് 5 മണിവരെ പുതുക്കൽ അപേക്ഷാഫാറം ചുവടെ നിർദ്ദേശിക്കും പ്രകാരം ഓൺലൈനായി സമർപ്പിക്കാവുന്നതാണ്.**

1) ഒന്നാം സപ്ലിമെൻററി അലോട്ട്മെൻറിൽ അപേക്ഷിച്ചിട്ടും അലോട്ട്മെൻറ് ലഭിക്കാത്തവർ **രണ്ടാം** സപ്ലിമെൻററി അലോട്ട്മെൻറിന് പരിഗണിക്കുന്നതിനായി കാൻഡിഡേറ്റ് ലോഗിനിലെ “RENEW APPLICATION” എന്ന ലിങ്കിലൂടെ പ്രസിദ്ധപ്പെടുത്തുന്ന **വേക്കൻസിക്കനുസൃതമായി പുതിയ ഓപ്ഷനുകളും നൽകി അപേക്ഷ അന്തിമമായി സമർപ്പിക്കണം.**

2) ഒന്നാം സപ്ലിമെൻററി അലോട്ട്മെൻറിൽ തെറ്റായ വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെട്ടതിനാൽ അലോട്ട്മെൻറ് ലഭിച്ചിട്ടും പ്രവേശനം നിരാകരിക്കപ്പെട്ടവർ **രണ്ടാം** സപ്ലിമെൻററി അലോട്ട്മെൻറിന് പരിഗണിക്കുന്നതിനായി കാൻഡിഡേറ്റ് ലോഗിനിലെ “RENEW APPLICATION” എന്ന ലിങ്കിലൂടെ **അപേക്ഷയിലെ പിഴവുകൾ തിരുത്തി** പ്രസിദ്ധപ്പെടുത്തുന്ന **വേക്കൻസിക്കനുസൃതമായി പുതിയ ഓപ്ഷനുകളും നൽകി അപേക്ഷ അന്തിമമായി സമർപ്പിക്കണം.**

3) രണ്ടാം സപ്ലിമെൻററി അലോട്ട്മെൻറിനനായുള്ള വേക്കൻസികൾ **2024 ജൂലൈ 22 ന് ഉച്ചയ്ക്ക് 1 മണിയ്ക്ക്** വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഈ വേക്കൻസിക്കനുസൃതമായി വേണം പുതിയ ഓപ്ഷനുകൾ നൽകേണ്ടത്.. **രണ്ടാം സപ്ലിമെൻററി അലോട്ട്മെൻറിനായി പ്രസിദ്ധീകരിക്കുന്ന ഒഴിവുള്ള സ്കൂൾ / കോമ്പിനേഷനുകൾ മാത്രമേ ഓപ്ഷനുകളായി തിരഞ്ഞെടുക്കുവാൻ കഴിയുകയുള്ളു.**

4) രണ്ടാം സപ്ലിമെൻററി അലോട്ട്മെൻറിനായുള്ള അപേക്ഷകൾ **2024 ജൂലൈ 22 ന് ഉച്ചയ്ക്ക്** *2 മണി മുതൽ 2024 ജൂലൈ 23 ന് വൈകിട്ട് 5 മണിവരെ സ*മർപ്പിക്കാവുന്നതാണ്.

**അപേക്ഷകർക്ക് സപ്ലിമെൻററി അലോട്ട്മെൻറിന് അപേക്ഷിക്കുവാനും മറ്റും വേണ്ട നിർദ്ദേശങ്ങളും സാങ്കേതിക സഹായങ്ങളും സ്കൂൾ ഹെൽപ്ഡെസ്കുകളിലൂടെ നൽകാൻ വേണ്ട സജ്ജീകരണങ്ങൾ സ്കൂൾ പ്രിൻസിപ്പൽമാർ സ്വീകരിക്കേണ്ടതാണ്.**

പൊതുവിദ്യാഭ്യാസ ഡയറക്ടർ